# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3464 | 29.01.2014-ൽ മറുപടിക്ക് |
|---|---|

## വികലാംഗ പെൻഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് അംഗപരിമിതരായ ആളുകളുടെ എണ്ണം എത്ര എന്ന് കൃത്യമായി കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | കൃത്യമായ കണക്ക് ശേഖരിക്കാനുള്ള നടപടി കൈക്കൊണ്ടു വരുന്നു. |
| (ബി) | ഇതിൽ എത്രപേർക്കാണ് നിലവിൽ സംസ്ഥാന സർക്കാരിന്റെ അംഗപരിമിത പെൻഷൻ (വികലാംഗ പെൻഷൻ) ലഭിക്കുന്നത്; ഈ പെൻഷൻ ലഭിക്കുന്നതിന് വരുമാനപരിധി ബാധകമാണോ; എങ്കിൽ വരുമാന പരിധി നിലവിൽ എത്രയാണ്; ഈ പരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 292302 വികലാംഗ പെൻഷൻ ഗുണഭോക്താക്കളുണ്ട്. വികലാംഗ പെൻഷൻ ലഭിക്കുന്നതിനുള്ള ഉയർന്ന കുടുംബ വാർഷിക വരുമാനപരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും, നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയുമാണ്. വരുമാന പരിധി ഉയർത്തുന്ന വിഷയം പരിഗണനയിലാണ്. |
| (സി) | ഇപ്പോൾ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന പെൻഷൻ തുക എത്ര വീതമാണ്; അംഗപരിമിതി എത്ര ശതമാനം മുതലുള്ളവർക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്; എത്ര വയസ്സുവരെ ഈ പെൻഷൻ ലഭിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 40%-ത്തിനു മുകളിൽ അംഗവൈകല്യമുള്ളവർക്ക് പ്രതിമാസം 700/- രൂപയും, 80% അംഗവൈകല്യമു ള്ളവർക്ക് 1000/- രൂപാനിരക്കിലും പെൻഷൻ നൽകി വരുന്നു. ചുരുങ്ങിയത് 40% മുതൽ വികലാംഗത്വമുള്ളവർക്കാണ് പെൻഷൻ ലഭിക്കുന്നത്. ചട്ടങ്ങൾക്ക് അനുസരണമായി മരണം വരെ പെൻഷൻ ലഭിക്കും. |
| (ഡി) | ഭിന്നശേഷിയുള്ളവർക്കും അംഗപരിമിതി കുടുതലുള്ളവർക്കും പെൻഷൻ തുക വെവ്വേറെ നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിത പെൻഷൻ പദ്ധതി (ഐ.ജി.എൻ.ഡി.പി.എസ്) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര രൂപയാണ് ഈ പദ്ധതിപ്രകാരം വിവിധ വിഭാഗങ്ങളിലെ അംഗപരിമിതർക്ക് പെൻഷനായി ലഭിക്കുന്നത്; ഇതിനു വേണ്ട അർഹതാ മാനദണ്ഡം എന്തൊക്കെയാണ്; അപേക്ഷ നൽകേണ്ടത് എവിടെയാണ്; അവയുടെ മാതൃകയും വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്. ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിത പെൻഷൻ പദ്ധതിയനുസരിച്ച് 18-79 വയസ്സിനും മദ്ധ്യേ പ്രായമുള്ളവരും കേന്ദ്രസർക്കാരിന്റെ മാനദണ്ഡമനുസരിച്ചുള്ള ബി.പി.എൽ ലിസ്റ്റിലുള്ളവരും 1995-ലെ പി.ഡബ്ല്യൂ.ഡി. ആക്ടിൽ വിവരിക്കുന്ന ഗുരുതരവും വിവിധങ്ങളായ അംഗവൈകല്യമുള്ളവരെയും 99-ലെ നാഷണൽ ട്രസ്റ്റ് ആക്ടിൽ വിവരിക്കുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, മന്ദബുദ്ധി എന്നിവരും ഈ പെൻഷന് അർഹരാണ്. പ്രതിമാസം കേന്ദ്രവിഹിതം 300/- രൂപ ഉൾപ്പെടെ 700/- രൂപാ നിരക്കിൽ പെൻഷൻ നൽകുന്നതാണ്. അപേക്ഷ നൽകേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ